പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 182 27-10-2026-ൽ മറുപടിയ്ക്ക്

ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. വി. ഇബ്രാഹിം	ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)
ശ്രീ. പി. കെ. നവാസ്	
ശ്രീ. മഞ്ഞളാംകുഴി അലി	
ശ്രീ. പി .എം. എ. സമീർ	

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുവാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: **ഉണ്ട്.**

ഐ.ടി.യെ ഒരു സ്വതന്ത്ര മേഖലയായി മാത്രം കാണുന്ന പരമ്പരാഗത സമീപനത്തിന് അതീതമായി, സംയോജിതമായ ഒരു വിജ്ഞാന-സാങ്കേതികവിദ്യാ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സാങ്കേതികവിദ്യയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം പുതിയ വെല്ലുവിളികളും ഉയർത്തുന്നു. ഈ മാറ്റങ്ങൾക്കനുസരിച്ച് തന്ത്രങ്ങൾ രൂപപ്പെടുത്തുകയും കേരളത്തിന്റെ മാനവവിഭവശേഷി, അക്കാദമിക സ്ഥാപനങ്ങൾ, ഗവേഷണശേഷി എന്നിവയെ നവീകരണത്തിലേക്കും സാമ്പത്തിക വളർച്ചയിലേക്കും നയിക്കുകയും വേണം.

അതിന്റെ ഭാഗമായി, ഐ.ടി., എ.ഐ., ഭാവി സാങ്കേതികവിദ്യകൾ എന്നിവ ഉൾക്കൊള്ളുന്ന വിധത്തിൽ വകുപ്പിന്റെ പ്രവർത്തനപരിധി വിപുലീകരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും ആഗോള കേന്ദ്രമായി കേരളത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ "ടെക് കേരളം" (Tech Keralam) സംസ്ഥാനത്തിന്റെ പൊതുവായ സാങ്കേതികവിദ്യാ അടയാളമായി വികസിപ്പിച്ചുവരുന്നു.

Knowledge State എന്ന നിലയിൽ കേരളത്തെ അടയാളപ്പെടുത്തുകയും ആഗോള സാങ്കേതികവിദ്യാ ലക്ഷ്യസ്ഥാനമാക്കി (Global Destination) മാറ്റുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഐ.ടി., എ.ഐ., സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ്, ഡാറ്റാ അനലിറ്റിക്സ്, ക്വാണ്ടം സാങ്കേതികവിദ്യകൾ, ബ്ലോക്ക്ചെയിൻ, എ.വി.ജി.സി. തുടങ്ങിയ മേഖലകളും മറ്റ് ഉയർന്നുവരുന്ന സാങ്കേതികവിദ്യകളും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലെ അവയുടെ പ്രയോഗങ്ങളും ഇതിന്റെ ഭാഗമാണ്.

ഈ ആവാസവ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ കേരളത്തിലെ അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾക്ക് വലിയ ശേഷിയുണ്ട്. അവയുടെ കഴിവുകളെ വ്യവസായ ആവശ്യങ്ങളോടും ഉയർന്നുവരുന്ന അവസരങ്ങളോടും ബന്ധിപ്പിക്കുന്നതിന് സർക്കാർ TRICK കേന്ദ്രങ്ങളും മേഖലാധിഷ്ഠിത സ്റ്റാർട്ട് അപ് ക്ലസ്റ്ററുകളും ആക്സിലറേറ്ററുകളും, Accelerate Kerala യും നടപ്പാക്കിവരുന്നു.

(ബി) ഇതുവഴി വിപുലമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ;

മറുപടി:

ഉണ്ട്.

കേരളത്തിൽ ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ സാങ്കേതികവിദ്യാ വികസന നയത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCCs), ഗവേഷണ–വികസന കേന്ദ്രങ്ങൾ, സാങ്കേതികവിദ്യാ കമ്പനികൾ എന്നിവയെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനൊപ്പം, സ്റ്റാർട്ടപ്പുകൾക്ക് ബൗദ്ധികസ്വത്ത്, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവ വികസിപ്പിച്ച് വിപുലീകരിക്കാവുന്ന സംരംഭങ്ങളായി വളരാൻ സഹായിക്കുകയും ചെയ്യുന്നു.

ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ മുഖാന്തിരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അഞ്ചുലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നത് മുതൽ നിക്ഷേപ നടപടികൾ സുഗമമാക്കുന്നതിനും കമ്പനികളുടെ സ്ഥാപനവും തുടർന്നുള്ള വളർച്ചയും ഉറപ്പാക്കുന്നതിനുമുള്ള ഏകോപന ചുമതല നിർദിഷ്ട 'ദി ഫ്യൂച്ചർ കോർപ്പറേഷൻ' (TFC) മുഖേന നിർവ്വഹിക്കുന്നതാണ്.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവ വികസനത്തിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നു.

(സി) സർക്കാർ ഐ.ടി. പാർക്കുകൾക്ക് നൽകുന്ന അതേ സൗകര്യം അർഹരായ സ്വകാര്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഉണ്ട്.

നിശ്ചിത മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്ന അർഹരായ സ്വകാര്യ വിവര സാങ്കേതികവിദ്യാ പാർക്കുകൾക്ക്, സർക്കാർ ഐ.ടി. പാർക്കുകൾക്ക് ലഭിക്കുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ഐടി പാർക്സ് അഫിലിയേഷൻ സ്കീം നടപ്പിലാക്കി വരുന്നു. Private Tech Parks Promotion Scheme വഴി പുതിയ സ്വകാര്യ വിവര സാങ്കേതികവിദ്യാ പാർക്കുകൾ വഴി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഡിജിറ്റൽ എൻജിനീയറിംഗ്, സൈബർ സുരക്ഷ തുടങ്ങിയ അത്യാധുനിക മേഖലകളിലേക്ക് കേരളത്തിന്റെ സാങ്കേതിക ആവാസവ്യവസ്ഥയെ നയിക്കാൻ കഴിയുമോ; വിശദമാക്കാമോ?

മറുപടി:

കേരള സംസ്ഥാന ഐ.ടി. മിഷനെ കേരള സ്റ്റേറ്റ് ഡിജിറ്റൽ ടെക്നോളജി മിഷനായി പരിവർത്തനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഐ., എമർജിംഗ് ടെക്നോളജി എന്നീ പ്രത്യേക വെർട്ടിക്കലുകൾ വഴി എ.ഐ., സൈബർ സുരക്ഷ, ക്വാണ്ടം സാങ്കേതികവിദ്യകൾ, റോബോട്ടിക്സ്, ബ്ലോക്ക്ചെയിൻ, ഡ്രോണുകൾ, എ.വി.ജി.സി. തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

കേരളത്തിലെ സെമികണ്ടക്ടർ–ഇലക്ട്രോണിക്സ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി The Indian Institute of Information Technology and Management – Kerala (IIITM-K) -യെ സെമികോൺ കേരളമായി പരിവർത്തനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഡിജിറ്റൽ സയൻസ് പാർക്ക്, TRICK സെന്ററുകൾ, എ.ഐ. സെന്റേഴ്സ് ഓഫ് എക്സലൻസ്, മേഖലാധിഷ്ഠിത ക്ലസ്റ്ററുകൾ, ആക്സിലറേറ്റ് കേരളാ എന്നിവയിലൂടെ ഗവേഷണം നൈപുണ്യം, സ്റ്റാർട്ടപ്പുകൾ, എന്നിവയെ ബന്ധിപ്പിച്ച് നൂതന സാങ്കേതികവിദ്യാ പ്രയോഗങ്ങളും ഉൽപ്പന്നങ്ങളും ഉയർന്ന മൂല്യമുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ